**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5601** **24-03-2025 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ രംഗത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ മേഖലയിൽ തസ്തിക സൃഷ്ടിക്കുമെന്നും പുതിയ മെഡിക്കൽ കോളജുകളുടെയും പുതിയ ബ്ലോക്കുകളുടെയും പ്രവർത്തനം സുഗമമാക്കുന്നതിന് വേഗത്തിലുളള നിയമനം നടത്തുമെന്നുമുള്ള മന്ത്രിയുടെ പ്രസ്താവനയുമായി ബന്ധപ്പെട്ട് ഏതൊക്കെ പുതിയ തസ്തികൾ സൃഷ്ടിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലും അപെക്സ് ട്രോമാ & എമർജൻസി ലേർണിങ് സെന്ററിലുമായി 262 അദ്ധ്യാപക തസ്തികകളും 8 അനദ്ധ്യാപക തസ്തികകളും ഉൾപ്പെടെ 270 തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഇത്തരത്തിൽ, കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഉൾപ്പെടെ 29 തസ്തികകളും, കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ 37 തസ്തികകളും, എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം എന്നിവയിലുൾപ്പെടെ 43 തസ്തികകളും, ഇടുക്കി മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിൽ ഉൾപ്പെടെ 50 തസ്തികകളും, മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ 15 തസ്തികകളും, കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ 31 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിലായി ആരംഭിക്കുന്ന പുതിയ സർക്കാർ നഴ്സിംഗ് കോളേജുകളിൽ 43 അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് കൂടാതെ കൊല്ലം, മഞ്ചേരി എന്നീ ഗവണ്മെന്റ് മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനായി 36 അധ്യാപക അനധ്യാപക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.<br><br>NMC നിഷ്കർഷിക്കും പ്രകാരം കൂടുതൽ തസ്തികകൾ വിവിധ മെഡിക്കൽ കോളേജുകളിൽ സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ, ആരോഗ്യ വകുപ്പിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ 2016 മുതൽ നാളിതുവരെ 4325 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സമഗ്ര വികസന പാക്കേജിന്റെ ഭാഗമായി ഗ്യാപ് അനാലിസിസ് നടത്തി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിച്ച് വരുന്നു. |
| (ബി) | പി.എസ്.സി റാങ്ക് ലിസ്റ്റ് നിലനിൽക്കേ മെഡിക്കൽ കോളേജുകളിൽ നടത്തുന്ന താൽകാലിക നിയമനങ്ങൾ സ്ഥിര നിയമനങ്ങൾക്ക് തടസ്സമാകുമെന്നതിനാൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അംഗീകൃത തസ്തികകളിൽ പി.എസ്.സി/എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനമാണ് നടത്തി വരുന്നത്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത പക്ഷം ആശുപത്രിയുടെ സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനായി പി.എസ്.സി. സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. നിയമനം നടക്കുന്നത് വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമനം നടത്തി വരുന്നു. ആയത് പി.എസ്.സി മുഖേനയുള്ള സ്ഥിര നിയമനത്തെ ബാധിക്കുന്നതല്ല. |
| (സി) | കാസർഗോഡ് മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ച പുതിയ കെട്ടിടത്തിൽ എം.ബി.ബി.എസ്. പഠനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിലപാട് വ്യക്തമാക്കാമോ; | (സി) | കാസർഗോഡ് മെഡിക്കൽ കോളേജിലെ അക്കാഡമിക് ബ്ലോക്കിൽ 2025-26 അക്കാഡമിക് വർഷത്തിൽ 50 സീറ്റോടു കൂടി എം.ബി.ബി.എസ്. പഠനം ആരംഭിക്കുന്നതിനായി അനുമതി നൽകിയിട്ടുള്ളതും, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ നിന്നും കൺസെന്റ് ഓഫ് അഫിലിയേഷൻ നൽകിയിട്ടുള്ളതുമാണ്. 50 കുട്ടികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കി NMCയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. NMC ഇൻസ്പെക്ഷൻ നടത്തി അനുമതി ലഭ്യമാകുന്ന പക്ഷം വരുന്ന അധ്യയന വർഷം ക്ലാസുകൾ ആരംഭിക്കുന്നതാണ്. മെഡിക്കൽ കോളേജിനോട് അനുബന്ധമായി സർക്കാർ നഴ്സിംഗ് കോളേജ് ആരംഭിച്ച് പ്രവർത്തിച്ച് വരുന്നു. |
| (ഡി) | ആരോഗ്യ രംഗത്ത് ഏതെങ്കിലും മേഖലയിൽ പുതിയ തസ്തിക സൃഷ്ടിക്കാൻ സാധ്യതയുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മേഖലയിലാണെന്ന് വ്യക്തമാക്കാമോ; | (ഡി) | സമഗ്ര വികസന പാക്കേജിന്റെ ഭാഗമായി ഗ്യാപ് അനാലിസിസ് നടത്തി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിച്ച് വരുന്നു. |
| (ഇ) | കളമശ്ശേരി മെഡിക്കൽ കോളേജിൽ പുതിയ ബ്ലോക്കിന്റെ ഉൽഘാടനത്തോടനുബന്ധിച്ച് ഏതെല്ലാം തസ്തികയിലേക്കാണ് പുതിയ തസ്തിക സൃഷ്ടിക്കൽ ആവശ്യമായിട്ടുള്ളത്; എത്ര പുതിയ തസ്തിക വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ; | (ഇ) | എറണാകുളം സർക്കാർ മെഡിക്കൽ കോളജിലെ പുതിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലേക്ക് ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ സർക്കാറിന്റെ പരിശോധനയിലാണ്. ഇത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്കിലേയ്ക്ക് അനുവദിച്ച തസ്തികകളിൽ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസം ഉണ്ടോയെന്ന് വ്യക്തമാക്കാമോ; | (എഫ്) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അംഗീകൃത തസ്തികകളിൽ പി.എസ്.സി/എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനമാണ് നടത്തി വരുന്നത്. പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത പക്ഷം ആശുപത്രിയുടെ സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനായി പി.എസ്.സി. സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. നിയമനം നടത്തുന്നത് വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലിക നിയമനം നടത്തി വരുന്നു. ഇത് പി.എസ്.സി. മുഖേനയുള്ള സ്ഥിര നിയമനത്തെ ബാധിക്കുന്നതല്ല. |
| (ജി) | ആരോഗ്യ വകുപ്പിൽ എല്ലാ തസ്തികകളിലും താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിന് പകരം പി.എസ്.സി. നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ. വ്യക്തമാക്കാമോ? | (ജി) | (എഫ്) പിരിവ് പ്രകാരം |

സെക്ഷൻ ഓഫീസർ